"ഭരണഭാഷ — മാതൃഭാഷ"

133

നമ്പർ.SSG1/../TC/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി, 02/02/2021

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— സ്മാർട്ട് മൂവ് മുഖാന്തിരമുള്ള ലേണേഴ്സ് ലൈസൻസുകൾ നടപടികൾ പൂർത്തീകരിക്കുന്നത് - സംബന്ധിച്ച്.

01.01.2019 മുതൽ എല്ലാ ഓഫീസിലും കേന്ദ്രീകൃത സംവിധാനമായ സാരഥി നിലവിൽ വരുകയും ലേണേഴ്സ് ലൈസൻസിനുള്ള അപേക്ഷകൾ പൂർണ്ണമായും സാരഥി സംവിധാനം മുഖേന സ്വീകരിച്ചുവരുകയും ചെയ്യുന്നു. ആയതിനാൽ തന്നെ 01.01.2019 ന ശേഷം സ്മാർട്ട് മൂവ് മുഖേന ലേണേഴ്സ് ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നില്ല. എന്നാൽ സ്മാർട്ട് മൂവ് മുഖേന നൽകിയ ലേണേഴ്സ് ലൈസൻസുകൾ യഥാസമയം ടെസ്റ്റിനു ഹാജരാകാതെ ഇപ്പോഴും നിലനിൽക്കുന്നതായും ഇടയ്ക്കിടക്ക് അവയിൽ പലരും ടെസ്റ്റിന് ഹാജരാകുന്നുവെന്നും മനസ്സിലാകുന്നു.

വകുപ്പ് പൂർണ്ണമായും സാരഥി സംവിധാനത്തിലേക്ക് മാറിയതിനാൽ സ്മാർട്ട് മൂവ് സോഫ്റ്റ് വെയർ അടിയന്തിരമായി നിർത്തലാക്കേണ്ടതായ ആവശ്യം വന്നു ചേർന്നിരിക്കുന്നു. ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സ്മാർട്ട് മൂവ് മുഖേന സമ്പാദിച്ച ലേണേഴ്സ് ലൈസൻസുകൾ ഉപയോഗിച്ച് 31/03/2021 വരെ മാത്രമെ ടെസ്റ്റിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
2. ഈ സാഹചര്യത്തിൽ സ്മാർട്ട് മൂവ് മുഖേനയുള്ള ലേണേഴ്സ് ലൈസൻസ് സമ്പാദിച്ചവർ 31/03/2021 ന മുൻപായി ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കേണ്ടതാണ്.
3. ഇത്തരത്തിലുള്ള ലേണേഴ്സ് ലൈസൻസുകാർക്ക് ഡ്രൈവിംഗ് ടെസ്റ്റ് ഡേറ്റ് പ്രത്യേകമായി എടുക്കേണ്ടതില്ല. ഗ്രൗണ്ടിൽ എത്തുന്ന ഇത്തരം അപേക്ഷകർക്ക് ഒരു നിശ്ചിത നമ്പരിൽ കൂടാത്തതരത്തിൽ നേരിട്ട് രജിസ്റ്ററിൽ ചേർത്ത് പങ്കെടുപ്പിക്കാവുന്നതാണ്. നിശ്ചിത നമ്പരിൽ കൂടുതൽ അപേക്ഷകർ ഒരു ദിവസം വരികയാണെങ്കിൽ അടുത്ത ദിവസത്തേയ്ക്ക് സീനിയോറിറ്റി നമ്പർ നൽകേണ്ടതാണ്.

4. സ്മാർട്ട് മൂവിൽ നിന്നും ലഭ്യമാക്കിയ ലേണേഴ്സ് ലൈസൻസുകൾ വീണ്ടും നിലവിലുണ്ടെങ്കിൽ അത് 01.04.2021 മുതൽ അസാധുവാകുന്നതാണ്.

5. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുവാനുള്ളതോ ലൈസൻസ് സംബന്ധമായ മറ്റു സർവ്വീസുകൾക്കോ ഉള്ള സ്മാർട്ട് മൂവ് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ എല്ലാം തന്നെ 28/02/2021 മുൻപായി പൂർത്തീകരിക്കേണ്ടതാണ്. സ്മാർട്ട് മൂവിൽ ഇത്തരത്തിലുള്ള ഒരു അപേക്ഷയും ഇനി മുതൽ സ്വീകരിക്കുവാൻ പാടുള്ളതല്ല.

6. 01.04.2021 മുതൽ സാരഥിയിൽ ഇൻക്രിമെന്റ് പോർട്ടിംഗ് തുടങ്ങുന്നതും ആയത് 30/04/2021 ന മുൻപായി അവസാനിക്കുന്നതുമായിരിക്കും.

7. 01.05.2021 മുതൽ ഡ്രൈവിംഗ് ലൈസൻസിനോടനുബന്ധിച്ച എല്ലാ വർക്കുകളെ സംബന്ധിച്ചും സ്മാർട്ട് മൂവ് പൂർണ്ണമായും പിൻവലിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

എകെ